## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3721

**25.06.2013**- ലെ മറുപടിക്ക്

**'ധാരാ പദ്ധതി'**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ധാരാ പദ്ധതി'യുടെ വിശദാംശം വ്യക്തമാക്കാമോ;<br>ബി) 'ധാരാ പദ്ധതി' നടപ്പിലാക്കുമ്പോൾ എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്; വെളിപ്പെടുത്തുമോ; | (എ) & (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമാണ് 'ധാരാ പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ആദ്യ ഘട്ടമായി നെടുമങ്ങാട്, അടൂർ, തിരുവല്ല, ശാസ്താംകോട്ട, പീരുമേട്, കുട്ടനാട്, മീനച്ചിൽ, കോതമംഗലം, തലപ്പിള്ളി, ചാവക്കാട്, മഞ്ചേരി, ചിറ്റൂർ, വടകര, മാനന്തവാടി, തളിപ്പറമ്പ്, ഹോസ്ദുർഗ് എന്നീ 16 താലൂക്കുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഫലമായി സംഘാംഗങ്ങൾക്കെല്ലാം ആയതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. |
| സി) 'ധാരാ പദ്ധതി' നടപ്പിലാക്കുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസിയുടെ സഹകരണം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | സി) | 'ധാരാ പദ്ധതി' നടപ്പിലാക്കുന്നതിന് സ്വകാര്യ ഏജൻസിയുടെ സഹകരണം തേടുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹകരണ മേഖലയിലെ എൻ.സി.സി.റ്റിയുടെ നിയന്ത്രണത്തിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ സഹകരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ